## കേരളസർക്കാർ

## വിദ്യാഭ്യാസവകുപ്പ്

## ടി.എച്ച്.എസ്.എൽ.സി സേ പരീക്ഷ

## സെപ്റ്റംബർ – 2020

# വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**

**പരീക്ഷാഭവൻ, പൂജപ്പുര**

**തിരുവനന്തപുരം –12**

നമ്പർ.സി.ജി.എൽ(3)/18765/2020/സി.ജി.ഇ

**പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പരീക്ഷാ ഭവൻ, പൂജപ്പുര,തിരുവനന്തപുരം-12**
**തീയതി: 21.08.2020**

# <u>വിജ്ഞാപനം</u>

വിഷയം:- ടി.എച്ച്.എസ്.എൽ.സി. സേവ് എ ഇയർ ('സേ') പരീക്ഷ സെപ്റ്റംബർ 2020- സംബന്ധിച്ച്.

സൂചന : 1. ജി.ഒ.(എം.എസ്) 67/2014 പൊ.വി.വ. തീയതി 25.04.2014.
2. 30.10.2019-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന QIP മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നോട്ട് ഓർഡർ തീയതി 21.08.2020.

2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ സൂചന (2) പ്രകാരം ഈ വർഷം പരമാവധി മൂന്ന് പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടാത്തവർക്കും, കോവിഡ്-19 മഹാമാരിയെ തുടർന്ന് 2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ ഗണിതം, ഊർജ്ജതന്ത്രം, രസതന്ത്രം, ഇലക്ട്രോണിക്സ് ഗ്രേഡ് തിയറി (IHRD) എന്നീ വിഷയങ്ങൾ എഴുതാൻ സാധിക്കാതെപോയ പരീക്ഷാർത്ഥികൾക്കും ഈ വിഷയങ്ങൾ കൂടി എഴുതുന്നതിന് വേണ്ടിയാണ് സേവ് എ ഇയർ ("സേ") പരീക്ഷ നടത്തുന്നത്. 2020 സെപ്റ്റംബർ മാസം 22 മുതൽ 26 വരെയുള്ള തീയതികളിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് "സേ" പരീക്ഷ നടത്തുന്നത്. മാതൃക അപേക്ഷ ഫോറവും ടൈംടേബിളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

1. 2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷ റെഗുലർ വിഭാഗത്തിൽ എഴുതിയവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതുന്നതിന് അർഹതയുള്ളൂ.
2. പരമാവധി മൂന്ന് പേപ്പറുകൾക്കു മാത്രം ഡി+ ന് താഴെ ഗ്രേഡ് ലഭിച്ചവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതാൻ അർഹതയുള്ളൂ.
3. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ മൂന്ന് പേപ്പറുകൾക്ക് ഹാജരാകാൻ സാധിക്കാതെ വന്നിട്ടുള്ളവർക്ക് പ്രസ്തുത പേപ്പറുകൾക്ക് 'സേ' പരീക്ഷ എഴുതാവുന്നതാണ്.
4. കോവിഡ്-19 മഹാമാരിയെ തുടർന്ന് 2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ ഗണിതം, ഊർജ്ജതന്ത്രം, രസതന്ത്രം, ഇലക്ട്രോണിക്സ് ഗ്രേഡ് തിയറി (IHRD) ഏതെങ്കിലും വിഷയങ്ങൾ എഴുതാൻ സാധിക്കാതെ പോയ പരീക്ഷാർത്ഥികൾക്ക് പ്രസ്തുത വിഷയങ്ങൾ കൂടി എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.
5. കൂടാതെ 2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ

എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതുവാനോ പൂർത്തിയാക്കുവാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് മൂന്നിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് രേഖകൾ പരിശോധിച്ച് പരീക്ഷാർത്ഥിയെ മൂന്നിൽ കൂടുതൽ പേപ്പറുകൾക്ക് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.

6. എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ 'സേ' പരീക്ഷയിലൂടെ മെച്ചപ്പെടുത്താൻ മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി അവസരം ഉണ്ടായിരിക്കുകയുള്ളൂ.
7. 2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.
8. 'സേ' പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.
9. പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം 'സേ' പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിനർഹത നേടിയതായിക്കണ്ടാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല.
10. IED വിദ്യാർത്ഥികൾക്ക് മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച ആനുകൂല്യം 'സേ' പരീക്ഷയ്ക്കും ലഭിക്കുന്നതാണ്.

## TIME TABLE

| Date | Time | Subject |
|---|---|---|
| 22/09/2020 Tuesday | 10.00 am to 11.45 am | Malayalam/Kannada |
| | 01.45 pm to 03.30pm | Physics |
| 23/09/2020 Wednesday | 10.00 am to 12.45 pm | Mathematics |
| | 01.45 pm to 03.30pm | General Engineering II |
| | | Electrical Technology II (IHRD) |
| 24/09/2020 Thursday | 10.00 am to 12.45 pm | English |
| | 01.45 pm to 03.30 pm | Biology (IHRD) |
| | 01.45 pm to 05.00 pm | Engineering Drawing III |
| 25/09/2020 Friday | 09.30 am to 11.15 am | Chemistry |
| | 02.30 pm to 04.15 pm | Electronics II Trade Theory (IHRD) |
| 26/09/2020 Saturday | 10.00 am to 12.45 pm | Social Science |
| | 01.45 pm to 03.30 pm | Trade Theory |
| | | Computer Science & IT (IHRD) |

ആദ്യത്തെ 15 മിനിട്ട് കൂൾ ഓഫ് ടൈം ആയിരിക്കും

## പരീക്ഷാഫീസ്

'സേ' പരീക്ഷ എഴുതുന്നതിന് പേപ്പർ ഒന്നിന് 100/- രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഗ്രേഡ് വ്യക്തമാക്കുന്ന പ്രിന്റൗട്ടും അപേക്ഷാഫീസും 2020 മാർച്ചിൽ പരീക്ഷ എഴുതിയ പരീക്ഷാകേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ യാതൊരു കാരണവശാലും പരീക്ഷാ ഫീസ് പണമായോ/ചെക്കായോ മറ്റ് വിധത്തിലോ പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കാൻ പാടില്ല. ലഭിച്ച തുക ചീഫ് സൂപ്രണ്ടുമാർ **0202-01-102-99-Examination Fee** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

അപേക്ഷകൾ **24.08.2020 തിങ്കളാഴ്ച മുതൽ 07.09.2020 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക്** മുമ്പായി നൽകേണ്ടതാണ്. ഓരോ സ്കൂളിലും ഈ രീതിയിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ ബന്ധപ്പെട്ട സേ പരീക്ഷാകേന്ദ്രത്തിൽ **07.09.2020 തിങ്കളാഴ്ച ഉച്ചയ്ക്ക് 02.00 മണിക്ക്** മുമ്പായി സമർപ്പിക്കണം. സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷാഫോറം സ്വീകരിച്ച് **07.09.2020 തിങ്കളാഴ്ച മുതൽ 09.09.2020 ബുധനാഴ്ച വൈകുന്നേരം 5 മണിവരെ** http://thslcexam.kerala.gov.in – വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## ഹാൾടിക്കറ്റ്

'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ 2020 സെപ്റ്റംബർ 15 മുതൽ ഹാൾ ടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് സെപ്റ്റംബർ 18-ാം തീയതിയ്ക്ക് മുമ്പായി കോവിഡ് പ്രോട്ടോകോൾ പാലിച്ച് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

## സർട്ടിഫിക്കറ്റ്

'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2020-ലെ സർട്ടിഫിക്കറ്റിന് പകരം ഗ്രേഡ് രേഖപ്പെടുത്തിയ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ മുഖേനയാണ് സേ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്.

## ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി

'സേ' പരീക്ഷയുടെ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയത്തിനും മാർക്ക് കൗണ്ടിംഗിനും അനുവദിക്കുന്നതല്ല. എന്നാൽ ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിക്കു വേണ്ടി പേപ്പർ ഒന്നിന് 200 രൂപ വച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക 2020-ലെ ടി.എച്ച്.എസ്.എൽ.സി. വിജ്ഞാപനത്തിൽ ലഭ്യമാണ്.

**<u>കുറിപ്പ്:</u>** ടി.എച്ച്.എസ്.എൽ.സി. സേ പരീക്ഷയോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**ജോയിന്റ് കമ്മീഷണർ**

**അനുബന്ധം – എ**

**റ്റി.എച്ച്.എസ്.എൽ.സി. 2020 സേവ് എ ഇയർ (‘സേ’) പരീക്ഷ അപേക്ഷാഫാറം**

1. **പരീക്ഷാകേന്ദ്രത്തിന്റെ നമ്പർ :**
2. **പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും :**
3. **പരീക്ഷാർത്ഥിയുടെ പേര് :**
4. **രക്ഷകർത്താവിന്റെ പേര് :**
5. **പൂർണ്ണ മേൽവിലാസം :**
6. **പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ*** :**

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന പേപ്പറുകൾ | 03/2020 ൽ ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

***2020 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതുവാനോ പൂർത്തിയാക്കുവാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. പരീക്ഷ എഴുതുന്ന മാധ്യമം :
8. ഒടുക്കിയ പരീക്ഷ ഫീസ് വിവരം :
9. 2020 മാർച്ചിൽ പരീക്ഷ എഴുതിയ സ്കൂളിന്റെ പേരും സെന്റർ നമ്പരും :
10. 2020 മാർച്ചിൽ എഴുതിയ പരീക്ഷയുടെ രജിസ്റ്റർ നമ്പർ :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: **പരീക്ഷാർത്ഥിയുടെ ഒപ്പ്**

**മാതൃ വിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്**

1. അപേക്ഷ ലഭിച്ച തീയതി :

2. അപേക്ഷാർത്ഥിക്ക് IED വിഭാഗത്തിലെ ആനുകൂല്യത്തിന് അർഹതയുണ്ടോ ? :

3. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും

പ്രഥമാദ്ധ്യാപകന്റെ ഒപ്പ്

---

**സേ പരീക്ഷാകേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്**

1. അപേക്ഷ ലഭിച്ച തീയതി

2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ഒത്തുനോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ്

3. രജിസ്റ്റർ നമ്പർ

4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

**ANNEXURE – B**

## THSLC EXAMINATION SAY – SEPTEMBER 2020
## QUESTION PAPER STATEMENT

Name of Centre :

Centre Code :

Phone No. :

Name of Educational District ………………………..……………….……………………..

| PAPER | SUBJECTS | | No. OF QUESTION PAPERS REQUIRED | REMARKS |
|---|---|---|---|---|
| I | MALAYALAM | | | |
| II | ENGLISH | | | |
| III | SOCIAL SCIENCE/HUMANITIES (IHRD) | | | |
| IV | PHYSICS | | | |
| V | CHEMISTRY | | | |
| VI | MATHEMATICS | | | |
| VII | MECHANICAL ENGINEERING | | | |
| VIII | COMPUTER SCIENCE & IT | | | |
| IX | GENERAL ENGINEERING | | | |
| X | ELECTRICAL TECHNOLOGY II | | | |
| XI | ENGINEERING DRAWING III | | | |
| XII | BIOLOGY | | | |
| XIII | **TRADE THEORY (15 PAPERS SHOWN BELOW SEPARATELY)** | | | |
| | 1 | FITTING | | |
| | 2 | WELDING | | |
| | 3 | TURNING | | |
| | 4 | ELECTRICAL WIRING AND MAINTENANCE OF DOMESTIC APPLIANCE (EW & MDA) | | |
| | 5 | MAINTENANCE OF TWO WHEELERS & THREE WHEELERS | | |
| | 6 | ELECTROPLATING | | |
| | 7 | ELECTRONICS | | |
| | 8 | SURVEYING | | |
| | 9 | RUBBER TECHNOLOGY | | |
| | 10 | PRINTING | | |
| | 11 | MOTOR MECHANIC (AUTOMOBILE) | | |
| | 12 | REFRIGERATION & AIR CONDITIONING | | |
| | 13 | PLUMBING | | |
| | 14 | MASONRY & CONCRETE WORK | | |
| | 15 | AGRICULTURE | | |
| XIV | | ELECTRONICS II (TRADE THEORY) | | |
| XV | | IT | | |

**(School Seal)** **SIGNATURE OF SUPERINTENDENT / PRINCIPAL**

### THSLC SAY EXAMINATION 2020 - EXAMINATION CENTRES

| Sl.No | School Code | Name of Examination Centre | Schools come under the Centre |
|---|---|---|---|
| 1 | 11501 | Govt. Technical High School Mogral Puthur | Govt. Technical High School Mogral Puthur |
| 2 | 20501 | Govt. Technical High School Shoranur | Govt. Technical High School Shoranur |
| 3 | 22501 | Govt. Technical High School Thrissur | Govt. Technical High School Thrissur |
| 4 | 23501 | Govt. Technical High School Kodungallur | Govt. Technical High School Kodungallur |
| 5 | 28502 | Govt. Technical High School Ayavana | Govt. Technical High School Ayavana |
| 6 | 31501 | Govt. Technical High School Pala | Govt. Technical High School Pala |
| 7 | | | Govt. Technical High School Kadaplamattom |
| 8 | 42501 | Govt. Technical High School Nedumangad | Govt. Technical High School Nedumangad |
| 9 | 30501 | Technical Higher Secondary School Kuttikanam, Peerumedu | Technical Higher Secondary School Kuttikanam, Peerumedu |
| 10 | 33503 | Technical Higher Secondary School Puthuppally | Technical Higher Secondary School Puthuppally |

ജോയിന്റ് കമ്മീഷണർ